# അനുബന്ധ ഭാഗങ്ങൾ

**ഡേവിഡ് റോപ്പർ**

# സമാധാനം പുനസ്ഥാപിക്കു ന്നതിലെ പ്രയാസം

## 2 ശമുവേൽ 20

അബ്ശാലോം എതിർക്കുകയും മരിക്കുകയും ചെയ്തശേഷം ദാവീദ് യെരുശലേമിലേക്ക് മടങ്ങുവാൻ ഒരുങ്ങിയപ്പോൾ, അവൻ ദേശത്ത് സമാധാനം പുനസ്ഥാപിക്കുവാൻ ആഗ്രഹിച്ചു. നിർഭാഗ്യവശാൽ, യെഹൂദാ ഗോത്രത്തോടു തന്നെ യെരുശലേമിലേക്കു തിരിച്ചു കൊണ്ടു വരുവാൻ മുൻകൈ എടുക്കേണ്ടതിന് ആവശ്യപ്പെട്ടത് പഴയ മുറിവുകളെ ഓർമ്മിപ്പിക്കുവാൻ ഇടയാക്കി. പത്ത് വടക്കൻ ഗോത്രങ്ങൾ വിചാരിച്ചത് തങ്ങൾ ബലഹീനരായി തീർന്നു എന്നാണ്. യെഹൂദാ പ്രമാണിമാരും വടക്കൻ ഗോത്രത്തിലെ പ്രമാണിമാരും തമ്മിൽ യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ അധികം വൈകാതെയായിരുന്നു അത്.

2 ശമുവേൽ 20-ൽ തുടർന്നു പറയുന്ന സംഭവങ്ങൾ സമാധാനം പുനസ്ഥാപിക്കുന്നത് എത്ര പ്രയാസമുള്ള കാര്യമാണെന്ന് ചിത്രീകരിക്കുന്നു.

**ചിലർ സമാധാനം ആഗ്രഹിക്കുന്നില്ല**

ബെന്യാമീൻ ഗോത്രത്തിൽ നിന്നു വന്ന്, അബ്ശാലോമിന്റെ ബുക്കിൽ നിന്ന് ഒരു പേജിന്റെ പകർപ്പെടുക്കുവാനും നേതൃത്വത്തോടെ മത്സരിക്കുവാനും തീരുമാനിച്ച, “ഒരു കുഴപ്പക്കാരനായ ശേബാ” (20:1; എൻഐവി), യുടെ സാഹചര്യത്തെ കണക്കിലെടുക്കാം. അവന്റെ അത്യുച്ചത്തിലുള്ള കരച്ചിൽ “ദാവീദിങ്കൽ നമുക്ക് ഓഹരി ഇല്ല, യിശ്ശായിയുടെ മകങ്കൽ അവകാശവുമില്ല; യിസ്രായേലേ, നിങ്ങൾ വീട്ടിലേക്കു പൊയ്ക്കോൾവിൻ!” (20:1). ശലോമോന്റെ മരണശേഷം രാജ്യം വിഭജിക്കപ്പെടുമ്പോഴും അത്തരം വികാരം പ്രായോഗികമാണ് (1 രാജാക്കന്മാർ 12:16)!

**ചിലർക്ക് കഴിഞ്ഞത് മറക്കുവാൻ കഴിയുന്നില്ല**

അബ്ശാലോം ലൈംഗികബന്ധം പുലർത്തിയ പത്തു വെപ്പാട്ടിമാരോടുള്ള ദാവീദിന്റെ പെരുമാറ്റം വാക്യം 3-ൽ പറയുന്നു. നമുക്ക്, ദാവീദിന്റെ പെരുമാറ്റം അന്യായമായി തോന്നാം – ഒരുപക്ഷെ അങ്ങനെയാകാം – എന്നാൽ ആ സമയത്ത് അത്തരം ഒരു കാര്യത്തെ എങ്ങനെ കണ്ടിരുന്നു എന്നു നമുക്കറിയില്ല. ഒരുപക്ഷെ വെപ്പാട്ടിമാരെ “അശുദ്ധർ” ആയി കണക്കാക്കിയിരിക്കാം. ഒരുപക്ഷെ അവരുടെ പെരുമാറ്റം പഠിക്കേണ്ട ഒരു വിഷയം ആയിരുന്നേക്കാം. എങ്ങനെയായാലും, ആ സംഭവം മുഴുവനും ദുഃഖം ജനിപ്പിക്കുന്നതും മറ്റുള്ളവരുടെ പാപം നിമിത്തം നിരപരാധികൾ എങ്ങനെ കഷ്ടതയേല്ക്കുന്നുവെന്നു ചിത്രീകരിക്കുന്നതുമാണ്.

**ചിലർ സമാധാനത്തെക്കാൾ സ്വാർത്ഥതയിൽ കൂടുതൽ തല്പരരാണ്**

വടക്കൻ ഗോത്രക്കാർ ശേബയെ പിൻതുടർന്നു എന്ന് ദാവീദിന് വിവരം ലഭിച്ചു. രാജാവിന്റെ പുതിയ സേനാപതിയായ, അമാസായോടു, മൂന്നു ദിവസത്തിനുള്ളിൽ യെഹൂദയിലെ സൈന്യത്തെ ശേഖരിക്കുവാൻ കല്പിച്ചു. അമാസായ്ക്ക് ആ കാലയളവിനുള്ളിൽ അതു പാലിക്കുവാൻ കഴിഞ്ഞില്ല (ഏതാനും ആഴ്ച്ചകൾക്കു മുൻപു ദാവീദിനെതിരായി സൈന്യത്തെ നീക്കുവാൻ കല്പിച്ചിരുന്നതുകൊണ്ടു ഒരുപക്ഷെ പടയാളികൾ അവനെ അനുസരിക്കുവാൻ കൂട്ടാക്കി കാണുകയില്ല). അമാസാ തക്ക സമയത്ത് തിരിച്ചുവരാതിരുന്നപ്പോൾ, ദാവീദിന് ഭയമായി. അവൻ അമാസായെ നല്ലൊരു ലക്ഷ്യപ്രാപ്തിയുള്ളവനായി നിയമിച്ചിരുന്നു; ഇപ്പോൾ അമാസാ വീണ്ടും തനിക്കെതിരായിരിക്കുമോ എന്ന് അവൻ ഭയപ്പെട്ടു. ദാവീദ് അബീശായിയെ (യോവാബിന്റെ രക്തദാഹിയായ സഹോദരൻ) അമാസായെ അന്വേഷിക്കുവാനായി രാജാവിന്റെ പ്രത്യേക സംഘത്തോടൊപ്പം അയച്ചു. യോവാബ്, തരംതാഴ്ത്തപ്പെട്ടതുകൊണ്ടു വൃണപ്പെട്ട്, പടയാളികൾക്കിടയിൽ തന്നെ ഉണ്ടായിരുന്നു.

ദാവീദിന്റെ ആളുകൾ ഏതാനും മൈലുകൾ വടക്കോട്ടു സഞ്ചരിച്ചപ്പോൾ ഗിബെയോനിനടുത്തുവെച്ചു അമാസായെയും അവന്റെ സൈന്യത്തെയും കണ്ടുമുട്ടി. യോവാബ് തന്റെ സഹോദരനായ അമാസയോടു "സഹോദരാ, സുഖം തന്നേയോ?" എന്നു പറഞ്ഞു (20:9). യോവാബ് മുൻപോട്ടു നീങ്ങിയപ്പോൾ, അവന്റെ വാൾ ഉറയിൽനിന്ന് തറയിൽ വീണു. യോവാബ് അത് പൊക്കിയെടുത്ത് അമാസായോട് അടുത്തപ്പോൾ കയ്യിൽ അയച്ചു പിടിച്ചു. ആ സംഭവം യാദൃശ്ചികമാണെന്നു കണ്ടതുകൊണ്ടു, അമാസാ ഒന്നും സംശയിച്ചില്ല. യോവാബ് അമാസായുടെ താടിക്കു പിടിക്കുകയും അവന്റെ മുഖത്ത് ചുംബിക്കുവാൻ എന്ന വ്യാജേന തല മുൻപോട്ട് അടുപ്പിക്കുകയും ചെയ്തു. പകരം, ആ കൈപ്പുള്ള യോദ്ധാവു തന്റെ ആയുധം അമാസായുടെ വയറ്റിൽ കുത്തി ഇറക്കി, തന്റെ എതിരാളിയെ ഇല്ലാതാക്കി. "അമാസാ വഴിനടുവിൽ രക്തത്തിൽ മുഴുകി കിടന്നു" (20:12).

വീണ്ടും യോവാബ് അധികാര സ്ഥാനത്തെത്തി. യോവാബ് സന്നിഹിതരായവരെ നോക്കുവാൻ തിരിയുന്നതും, രക്തം പുരണ്ട വാൾ ഉയർത്തുന്നതും, "ആരെങ്കിലും ഇനി എന്റെ അവകാശത്തിനു വെല്ലുവിളി ഉയർത്തുവാനായിട്ടുണ്ടോ?" എന്നു, ചോദിക്കുന്നതും എനിക്കൂഹിക്കാം. അവന്റെ പുരുഷന്മാരിൽ ഒരാൾ അമാസാ ശേഖരിച്ച പടയാളികളോടു, "യോവാബിനുള്ളവരും ദാവീദിനുവേണ്ടി ഉള്ളവരും, യോവാബിനെ പിൻപറ്റട്ടെ" (20:11). യോവാബും അബീശായിയും, സൈന്യത്തെ പിൻപറ്റി, മത്സരിയായ ശേബയെ കണ്ടെത്തുവാൻ വടക്കോട്ടു നീങ്ങി. അമാസായുടെ മരണവേദനയുടെ കാഴ്ച്ച സഞ്ചാരം മന്ദമാക്കിയപ്പോൾ, യോവാബിന്റെ ആളുകളിൽ ഒരാൾ അമാസയുടെ മൃതശരീരം വഴിയിൽ നിന്നു ദൂരെ മാറ്റി അതിനെ മൂടി.[1]

**കുറച്ചുപേർ മാത്രമാണ് സമാധാനം കാംക്ഷിക്കുന്നത് - വളരെ കുറച്ചു മാത്രം**

സൈന്യം ശേബയെയും അവന്റെ കൂട്ടരെയും അന്വേഷിച്ചു, വടക്കോട്ട് സഞ്ചരിച്ചു. അവസാനം അവരെ പാലസ്തീനിന്റെ വടക്കേ അറ്റത്തു അവർ കണ്ടെത്തി. ദാനിനു വടക്കുള്ള, ആബേൽ ബേത്-മാഖാ പട്ടണത്തിനകത്ത്

ശത്രുവിൽനിന്നു രക്ഷപ്പെടുവാനുള്ള പ്രതിബന്ധം തീർത്തു ശേബ കഴിയുകയായിരുന്നു. യോവാബിന്റെ ആളുകൾ മണ്ണും കല്ലും ഉപയോഗിച്ച് പ്രധാന കോട്ടയ്ക്കെതിരായി (പുറംമതിൽ) ഒരു മറവു തീർത്തിരുന്നു, അങ്ങനെ അവർക്ക് ഉള്ളിലുള്ള മതിൽ അടിച്ചു തകർക്കുവാൻ കഴിയുമായിരുന്നു.

ഉള്ളിലെ മതിൽ അടിച്ചുതകർക്കുവാൻ തുടങ്ങിയപ്പോൾ, ഒരു സ്ത്രീ മതിലിനു മുകളിൽ വന്ന് യോവാബിനോടു സംസാരിക്കുവാൻ അനുവാദം ചോദിച്ചു. അവൾ അവളുടെ പട്ടണത്തിനുവേണ്ടി യാചിച്ചു. ആ പട്ടണ നിവാസികളുടെ ജ്ഞാനം പ്രസിദ്ധവും അതിനെ ആശ്രയി ക്കുന്ന ചുറ്റുമുള്ള ടൗണുകൾക്ക്, അതൊരു "മാതൃ" പട്ടണവുമാ ണെന്നു അവൾ പറഞ്ഞു. തനിക്ക് നഗരത്തെ നശിപ്പിക്കുവാൻ ആഗ്രഹമില്ല എന്ന് യോവാബ് പറഞ്ഞു; അവന്ന് ശേബയെ കിട്ടിയാൽ മാത്രം മതി. നഗരവാസികൾ ശേബയുടെ രക്തം വാർന്നൊഴുകുന്ന തല മതിലിൽ കൂടെ എറിഞ്ഞുകൊടുത്തതിനു അല്പം മുൻപായിരുന്നു അത്.

യോവാബ് കാഹളമൂതി, ശത്രുത അവസാനിച്ചതായി അടയാളം നൽകി - എല്ലാവരും വീട്ടിലേക്ക് പോവുകയും ചെയ്തു. താമാറിനെ ബലാത്സംഗം ചെയ്ത സംഭവത്തെ തുടർന്നുണ്ടായ നിരവധി സംഭവങ്ങൾ അങ്ങനെ അവസാനിച്ചു. ദാവീദ് തന്റെ ഭരണകൂടത്തെ സംഘടിപ്പിച്ചു (20:23-26). അപ്പോൾ, ദേശത്ത് വീണ്ടും സമാധാനം കൈവന്നതായി കാണാം.

**സമാധാനം പെട്ടെന്നു ഉടയുന്ന ഒന്നാണ്**

ദാവീദിന്റെ കുഴപ്പങ്ങളുടെ അവസാനമായിരുന്നില്ല അത്, യിസ്രായേലിലെ കുഴപ്പങ്ങളുടെ അവസാനവും ആയിരുന്നില്ല അത്. തന്റെ ഗൃഹത്തിൽ നിന്നു തന്നെ ദാവീദിനു പ്രശ്നങ്ങൾ ഉയർന്നു. യോവാബ് വീണ്ടും മുഖ്യ സൈന്യാധിപനായി തീർന്നു (20:23). കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾ നിറവേറപ്പെടേണ്ടതിന് ദാവീദ് നിർബ്ബന്ധജോലി ഏർപ്പെടുത്തുകയും, അതു യിസ്രായേലിൽ പിന്നീട് ഭിന്നതയ്ക്കു മുഖ്യ കാരണമായി തീരുകയും ചെയ്തു (2 ശമുവേൽ 20:24-ലെയും ഒ.വാ. 1 രാജാക്കന്മാർ 12:18-ലെയും "അദോരാം" എന്ന പേർ ശ്രദ്ധിക്കുക). ദക്ഷിണ രാജ്യവും ഉത്തര രാജ്യവും തമ്മിൽ നീരസം വളർന്നു വരികയും, അതു പിന്നീട് ശലോമോന്റെ മരണശേഷം യുദ്ധം പൊട്ടിപുറപ്പെടുന്ന നിലയിലേക്കെത്തുകയും ചെയ്തു.

സമാധാനം പുനഃസ്ഥാപിക്കുന്നത് പ്രയാസമാണെങ്കിലും, ദൈവം സമാധാനം കാംക്ഷിക്കുന്നതുകൊണ്ട്, നാം അതിനു പരിശ്രമിക്കണം. നാം വായിക്കുന്നു, "സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടുന്നു" (മത്തായി 5:9; ഒ.വാ. ഗലാത്യർ 5:22; യാക്കോബ് 3:17).

---

കുറിപ്പുകൾ

[1]കൊലപാതകം നിമിത്തം യോവാബിനെ ദാവീദ് ഉടനെ ശിക്ഷിച്ചില്ല, എന്നാൽ അവൻ അത് മറന്നിരുന്നില്ല (1 രാജാക്കന്മാർ 2:5, 6).

# ഒരേ സംഭവത്തിൽ തന്നെ ദൈവവും സാത്താനും പ്രവർത്തിക്കുന്നുണ്ടോ?

## 2 ശമുവേൽ 24; 1 ദിനവൃത്താന്തം 21

രണ്ടു ശമുവേൽ 24:1 പറയുന്നു, "യഹോവയുടെ കോപം വീണ്ടും യിസ്രായേലിന്റെ നേരെ ജ്വലിച്ചു, 'നീ ചെന്നു, യിസ്രായേലിനെയും യെഹൂദയെയും എണ്ണുക' എന്നിങ്ങനെ, അവർക്കു വിരോധമായി പറയുവാൻ *അതു* ദാവീദിന്നു തോന്നിച്ചു" (എൻഎഎസ്ബി; എംഫസിസ് മൈൻ). "അതിന്റെ" ഫലമോ "യഹോവയുടെ കോപം ആയിരുന്നു." എൻഐവി പറയുന്നു, "വീണ്ടും യഹോവയുടെ കോപം യിസ്രായേലിന്റെ നേരെയും, *അവൻ* ദാവീദിനെ അവർക്കെതിരായും തീർത്തു" (എംഫസിസ് മൈൻ; കൂടാതെ നോക്കുക കെജെവി, എൻകെജെവി, ആർഎസ്‌വി, മുതലായവ). 1 ദിനവൃത്താന്തം 21:1-ന്റെ കാഴ്ച്ചപ്പാടിൽ, അവിടെ "അവൻ" എന്നു പറഞ്ഞിരിക്കുന്നത് സാത്താനെ കുറിച്ചായിരിക്കാൻ സാധ്യതയുണ്ട് (കെജെവി ബൈബിളിന്റെ മദ്ധ്യ ഭാഗത്തു കൊടുത്തിരിക്കുന്ന സൂചന പൊലെ), എന്നാൽ അത് അസംഭവ്യമാണ്. വേദഭാഗം സ്വാഭാവികമായി എടുത്താൽ "യഹോവ" ആണ് "അവൻ" എന്നതിനു മുൻപ് വന്നിരിക്കുന്നത്. എൻകെജെവിയിൽ "അവൻ" വലിയ അക്ഷരത്തിൽ കൊടുത്തിട്ടുള്ളത്, ദാവീദിനെ യഹോവ പ്രചോദിപ്പിച്ചു എന്നു സംശയമില്ലാതെ വ്യക്തമാക്കുന്നു.

നേരെ മറിച്ച്, 1 ദിനവൃത്താന്തം 21:1 പറയുന്നതു, "അനന്തരം സാത്താൻ [അക്ഷരികമായി, പ്രതിയോഗി] യിസ്രായേലിന്നു വിരോധമായി എഴുന്നേറ്റു യിസ്രായേലിനെ എണ്ണുവാൻ ദാവീദിന്നു തോന്നിച്ചു." അതു ചെയ്യുവാൻ ദൈവം ദാവീദിനെ തോന്നിപ്പിച്ചു എന്നാണ് ഒരു വേദഭാഗം പറയുന്നത്; മറ്റൊന്നു പറയുന്നതു ദാവീദ് അതു ചെയ്യുവാൻ സാത്താനാണ് കാരണം എന്നാണ്. ഈ രണ്ടു വേദഭാഗങ്ങളും അംഗീകരിക്കാവുന്നതാണോ?

1 ദിനവൃത്താന്തം എഴുതപ്പെട്ടപ്പോഴേക്കും വേദശാസ്ത്രം പുരോഗമിച്ചുവെന്നും, അതുകൊണ്ടു കണക്കെടുപ്പിന്റെ കഥ പകർത്തിയപ്പോൾ, "യഹോവ" എന്നതു മാറ്റി "സാത്താൻ" എന്നാക്കി എന്നുമാണ് ഉദാരമനസ്ക്കരായ പണ്ഡിതന്മാർ പറയുന്നതു. ദൈവശ്വാസിയതയിൽ അക്ഷരികമായി വിശ്വസിക്കുന്നവർക്കു അത്തരം സിദ്ധാന്തങ്ങൾ സ്വീകാര്യമല്ല.

രണ്ടു വിവരണങ്ങളും ലളിതവും അതേസമയം സങ്കീർണ്ണവുമാണ്. ദാവീദിന്റെ കണക്കെടുക്കുന്ന തീരുമാനത്തിൽ ദൈവവും പിശാചും ഉൾപ്പെടെ *രണ്ടുപേരും* ഉൾപ്പെട്ടിരുന്നു. ആത്മിയലോകത്തിലെ പ്രവർത്തനങ്ങളുടെ ഉൾക്കാഴ്ച്ചക്കായി ഇയ്യോബിന്റെ പുസ്തകം ഉപയോഗിച്ചുകൊണ്ടു, നാം പറയും, "സാത്താൻ അതു *ചെയ്തു*, പക്ഷെ ദൈവമാണ് അതു *അനുവദിച്ചത്.*"

(യാക്കൊബ് 1:13-ൽ ഊന്നി പറയുന്ന ദൈവം "ആരെയും [നേരിട്ടു] പരീക്ഷിക്കുന്നില്ല" എന്നതു ഓർമ്മിക്കുക.) പ്രത്യേകിച്ചു വേർതിരിക്കുന്ന പോയിന്റായി ഇയ്യോബിന്റെ പുസ്തകത്തിലെ ആരംഭ ഭാഗങ്ങൾ നാം ഉപയോഗിച്ചാൽ, നാം പറയും, "ദാവീദിനെയും യിസ്രായേലിനെയും *നശിപ്പിക്കുവാൻ* സാത്താൻ അതു ചെയ്തു, എന്നാൽ ദൈവം അതു അനുവദിച്ചതു ദാവീദിനെയും യിസ്രായേലിനെയും *സഹായിക്കുവാനാണ്* - അവരെ അച്ചടക്കം വരുത്തുന്നതിനും വിലയേറിയ പാഠങ്ങൾ പഠിപ്പിക്കുന്നതിനുമായിരുന്നു (അതായത്, ആത്മീയമായി അവർ വളരേണ്ടതിന് സഹായിക്കുവാനാണ്)." ജനത്തെ എണ്ണുവാൻ ദാവീദിനെ ദൈവം ചലിപ്പിച്ചു എന്നു പറയുമ്പോൾ, ദൈവം തന്റെ ജനത്തിന്റെ ജീവിതത്തിൽ *പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നതു* എന്നാണ് 2 ശമുവേൽ എഴുത്തുകാരൻ അറിയിക്കുന്നത്.

ഒരേ സംഭവത്തിൽ തന്നെ സാത്താനും ദൈവവും പ്രവർത്തിക്കുന്നുണ്ടെന്നു കാണിക്കുന്ന ധാരാളം ഉദാഹരണങ്ങൾ ബൈബിളിലുണ്ട്. ഞാൻ ഉപയോഗിച്ച വാക്കുകൾ ശ്രദ്ധിക്കുക: അവർ *സഹകരിക്കുക അല്ല*; മറിച്ചു, അവർ *ഒരേ സംഭവത്തിൽ പ്രവർത്തിക്കുന്നു.* ആ സംഭവത്തിൽ പ്രവർത്തിക്കുമ്പോൾ അവരുടെ ഉദ്ദേശങ്ങൾ വളരെ വ്യത്യസ്തമാണ്. രണ്ടു പേരും ഒരേ സംഭവത്തിൽ പ്രവർത്തിക്കുന്നു എന്നതിനുദാഹരണമാണ് യേശുവിന്റെ പരീക്ഷണം. മത്തായി 4:1 പറയുന്നു, "അനന്തരം *പിശാചിനാൽ* പരീക്ഷിക്കപ്പെടുവാൻ യേശുവിനെ *ആത്മാവു* മരുഭൂമിയിലേക്കു നടത്തി." (എംഫസിസ് മൈൻ.) ഒരു നല്ല ഉദാഹരണമാണ് ക്രൂശ്: യേശുവിനെ നശിപ്പിക്കുവാൻ മതാദ്ധ്യക്ഷന്മാരിൽ കൂടെ സാത്താൻ പ്രവർത്തിച്ചു; യേശു പാപികൾക്കു വേണ്ടി മരിക്കേണ്ടതുകൊണ്ടാണ് ദൈവം അതു അനുവദിച്ചത്. അവയെല്ലാം നമ്മോടു പറയുന്ന ഒരു ഉദാഹരണമാണ് പൗലൊസിന്റെ ജഡത്തിലുണ്ടായിരുന്ന ശൂലം. പൗലൊസ് തന്റെ കഷ്ടതകളെ "*സാത്താന്റെ* ദൂതൻ" എന്നാണ് വിളിച്ചത് (2 കൊരിന്ത്യർ 12:7), എന്നാൽ താൻ സ്വന്ത കഴിവിൽ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കേണ്ടതിനായിരുന്നു *ദൈവം* അതുപയോഗിച്ചതെന്നു പിന്നെ പറയുന്നു (2 കൊരിന്ത്യർ 9, 10).

നമ്മുടെ ജീവിതത്തിൽ നമുക്കു എന്തുതന്നെ സംഭവിച്ചാലും, സാത്താൻ അതു നമ്മെ നശിപ്പിക്കുവാൻ ശ്രമിക്കുന്നതിനായി ഉപയോഗിക്കുന്നു, എന്നാൽ ദൈവം അതു നമ്മെ നല്ല ജനമാക്കി മാറ്റുവാൻ ശ്രമിക്കുന്നതിനായി ഉപയോഗിക്കുന്നു എന്നു ഉറപ്പായി പറയാം. നമ്മുടെ ജീവിതത്തിൽ എല്ലാം നന്നായി നടക്കുമ്പോൾ, ദൈവം നമ്മെ അനുഗ്രഹിക്കുകയും നമ്മെ ദൈവത്തോടു നന്ദിയുള്ളവരാക്കി മാറ്റുവാൻ ശ്രമിക്കുകയും ചെയ്യുന്നു, എന്നാൽ സാത്താൻ നമ്മുടെ വിജയത്തെ നമ്മിൽ അഹന്ത ഉണ്ടാക്കുവാനും ദൈവത്തെ ആശ്രയിക്കാതിരിക്കുവാനുമായി ഉപയോഗിക്കുന്നു. പ്രശ്നങ്ങൾ ഉണ്ടായാൽ, നമ്മെ ശക്തരാക്കുവാനും, കഷ്ടതയെ അതിജീവിക്കുവാൻ പ്രാപ്തരാക്കുവാനും ദൈവം അവ ഉപയോഗിക്കുന്നു. എങ്ങനെയായാലും, സാത്താൻ, ദൈവം നമ്മെ ഉപേക്ഷിച്ചിരിക്കുന്നു എന്നും അതുകൊണ്ടു അവനെ നാം വിട്ടുകളയണമെന്നും നമ്മോടും പറയും.

ഒരേ സംഭവത്തിൽ സാത്താനും ദൈവത്തിനും പ്രവർത്തിക്കുവാൻ കഴിയും എന്നും പ്രവർത്തിക്കുന്നതു എങ്ങനെ എന്നും മനസ്സിലാക്കേണ്ടത് പ്രധാനമാണ് എന്നു പറയുന്നത് 2 ശമുവേൽ 24-ഉം 1 ദിനവൃത്താന്തം 21-ഉം യോജിപ്പിക്കുന്നതിനു മാത്രമല്ല, നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന അർത്ഥരഹിതമായ കാര്യങ്ങളെ "അർത്ഥമുള്ളത്" ആക്കി മാറ്റുവാനും കൂടിയാണ്.

# ഒരു പ്രവാചകനായി ദാവീദ്

പ്രവാചകനെന്ന രീതിയിലുള്ള അവന്റെ ഭാഗം പരിഗണിക്കാതെ ദാവീദിന്റെ ജീവിതത്തെക്കുറിച്ചുള്ള പഠനം പൂർണ്ണമാവുകയില്ല.

സങ്കീർത്തനപുസ്തകങ്ങളെ പൊതുവേ ധ്യാനസ്വഭാവമുള്ളതായി നാം കരുതാറുണ്ടെങ്കിലും, ആ പുസ്തകത്തിലുടനീളം ശക്തമായ പ്രവചനങ്ങളാണ് അടങ്ങിയിട്ടുള്ളത്. ഉയിർത്തെഴുന്നേറ്റശേഷം ശിഷ്യന്മാർക്കു പ്രത്യക്ഷനായപ്പോൾ, യേശു അവരോടു പറഞ്ഞു, “മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും *സങ്കീർത്തനങ്ങളിലും* എന്നെക്കുറിച്ചു എഴുതിയിരിക്കുന്നതൊക്കെയും നിവൃത്തിയാകേണം” (ലൂക്കൊസ് 24:44; എംഫസിസ് മൈൻ). പുതിയനിയമ എഴുത്തുകാരും പ്രാസംഗികരും പഴയനിയമത്തിലെ മറ്റു പുസ്തകങ്ങളെക്കാൾ സങ്കീർത്തനത്തിൽ നിന്നുമാണ് കൂടുതലും ഉദ്ധരിച്ചിട്ടുള്ളത്. അവർ ഉദ്ധരിച്ചതിൽ നിന്നുള്ള മിക്ക സങ്കീർത്തനങ്ങളും എഴുതിയത് ദാവീദാണ്.

ശമുവേൽ ദാവീദിനെ അഭിഷേകം ചെയ്തപ്പോൾ, “യഹോവയുടെ ആത്മാവു അന്നു മുതൽ ദാവീദിന്മേൽ വന്നു” (1 ശമുവേൽ 16:13). ആത്മാവു ദാവീദിനു നല്കിയ ഒന്നായിരുന്നു ദൈവാലയത്തിന്റെ രേഖാരൂപം (1 ദിനവൃത്താന്തം 28:19). തന്റെ സങ്കീർത്തനങ്ങൾ എഴുതുവാൻ ആത്മാവു ദാവീദിൽ ദൈവശ്വാസീയമായി പ്രവർത്തിച്ചു എന്നതു നമ്മിൽ പ്രത്യേക താല്പര്യം ജനിപ്പിക്കുന്നു. “ദാവീദിന്റെ അവസാനവാക്കുകൾ” ആരംഭിക്കുന്നത്:

> ഔന്നത്യം പ്രാപിച്ച പുരുഷൻ
> ചൊല്ലുന്നു,
> യാക്കോബിൻ ദൈവത്താൽ അഭിഷിക്തൻ,
> യിസ്രായേലിൻ മധുരഗായകൻ തന്നെ,
> “യഹോവയുടെ ആത്മാവു എന്നിൽ സംസാരിക്കുന്നു,
> *അവന്റെ വചനം എന്റെ നാവിന്മേൽ ഇരിക്കുന്നു*”
> (2 ശമുവേൽ 23:1, 2; എംഫസിസ് മൈൻ)

അവന്റെ പ്രസ്താവനയിലടങ്ങിയ എല്ലാ അർത്ഥവും ഒരുപക്ഷെ ദാവീദ് മനസിലാക്കി കാണുകയില്ല. അവന്റെ ജീവിത സാഹചര്യങ്ങളും അവ അവനിൽ ഉണർത്തിയ വികാരങ്ങളുമാണ് സങ്കീർത്തനങ്ങളിൽ ദാവീദ് എഴുതിയിരിക്കുന്നത്. അവൻ എത്രത്തോളം മശിഹയുടെ നിഴലായിരുന്നു എന്നും അവന്റെ പ്രസ്താവനകളിൽ പലതും *പൂർണ്ണമായി* ക്രിസ്തുവിന്റെ ജീവിതത്തിൽ നിറവേറുവാനിരിക്കുന്നതുമാണെന്നു ഒരുപക്ഷെ അവൻ തിരിച്ചറിഞ്ഞിരിക്കയില്ല.

പുതിയനിയമത്തിലെ പല വേദഭാഗങ്ങളും ദാവീദിനെ ദൈവത്തിന്റെ വക്താവായിട്ടാണ് പറയുന്നത്. യൂദാക്കു പകരം മറ്റൊരാളെ തിരഞ്ഞെടുക്കേണ്ട സമയം വന്നപ്പോൾ, സങ്കീർത്തനങ്ങൾ 69-ൽ നിന്നും 109-ൽ നിന്നും ഉദ്ധരിച്ചുകൊണ്ട്, പത്രൊസ് പറഞ്ഞതു, “സഹോദരന്മാരായ പുരുഷന്മാരേ, യേശു

വിനെ പിടിച്ചവർക്കു വഴികാട്ടിയായിത്തീർന്ന യൂദയെക്കുറിച്ചു *പരിശുദ്ധാത്മാവു ദാവീദ് മുഖാന്തരം മുൻപറഞ്ഞ* തിരുവെഴുത്തിന്നു, നിവൃത്തി വരുവാൻ ആവശ്യമായിരുന്നു" (പ്രവൃത്തികൾ 1:16; എംഫസിസ് മൈൻ). പത്രൊസ് ആദ്യസുവിശേഷം പ്രസംഗിച്ചപ്പോൾ, അവൻ സങ്കീർത്തനങ്ങൾ 16-ൽ നിന്നു, ഉദ്ധരിച്ചു പറഞ്ഞു, "*എന്നാൽ അവൻ [ദാവീദ്] പ്രവാചകൻ ആകയാൽ,* ദൈവം അവന്റെ കടിപ്രദേശത്തിന്റെ ഫലത്തിൽനിന്നു ഒരുത്തനെ അവന്റെ സിംഹാസനത്തിൽ ഇരുത്തും എന്നു തന്നോടു സത്യം ചെയ്തു ഉറപ്പിച്ചു എന്നു അറിഞ്ഞിട്ടു, അവനെ പാതാളത്തിൽ വിട്ടുകളഞ്ഞില്ല അവന്റെ ജഡം ദ്രവത്വം കണ്ടതുമില്ല എന്നു ക്രിസ്തുവിന്റെ പുനരുത്ഥാനം മുമ്പുകൂട്ടി കണ്ടു പ്രസ്താവിച്ചു" (പ്രവൃത്തികൾ 2:30, 31; എംഫസിസ് മൈൻ). പ്രവൃത്തികൾ 4-ൽ, അപ്പൊസ്തലന്മാർ പ്രാർത്ഥിച്ചപ്പോൾ, അവർ സങ്കീർത്തനങ്ങൾ 2-ൽ നിന്നും ഉദ്ധരിച്ചു സൂചിപ്പിച്ചത്, "*ഞങ്ങളുടെ പിതാവും നിന്റെ ദാസനുമായ ദാവീദു മുഖാന്തരം,* പരിശുദ്ധാത്മാവു അരുളിച്ചെയ്തതു, 'ജാതികൾ കലഹിക്കുന്നതും, വംശങ്ങൾ വ്യർത്ഥമായതു നിരൂപിക്കുന്നതും എന്ത്?'" (വാ.25; എംഫസിസ് മൈൻ). ഉടനെ പ്രതികരിക്കേണ്ടതിന്റെ ആവശ്യത്തെ ബോധ്യപ്പെടുത്തി, സങ്കീർത്തനങ്ങൾ 95 ഉദ്ധരിച്ചു, എബ്രായലേഖകൻ പറഞ്ഞു, "'ഇന്നു,' എന്നൊരു ദിവസം പിന്നെയും അവൻ [ദൈവം] നിശ്ചയിക്കുന്നു, *ദാവീദ് മുഖാന്തരം പറയുന്നു* ...,'ഇന്നു അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ, നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്'" (എബ്രായർ 4:7; എംഫസിസ് മൈൻ).

പുതിയനിയമത്തിൽ ഉദ്ധരിച്ച ചില സങ്കീർത്തനങ്ങൾ ഇതാ (പുതിയനിയമവാക്യങ്ങൾ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു): 2:1 (പ്രവൃത്തികൾ 4:25, 26); 2:7 (പ്രവൃത്തികൾ 13:33); 2:9 (വെളിപ്പാട് 2:27; 12:5; 19:15); 5:9 (റോമർ 3:13); 10:7 (റോമർ 3:14); 14:1–3 (റോമർ 3:10–12); 18:49 (റോമർ 15:9); 19:4 (റോമർ 10:18); 22:1 (മത്തായി 27:46); 22:18 (മത്തായി 27:35; ലൂക്കൊസ് 23:34; യോഹന്നാൻ 19:24); 32:1, 2 (റോമർ 4:7, 8); 34:20 (യോഹന്നാൻ 19:36); 41:9 (യോഹന്നാൻ 13:18); 69:9 (യോഹന്നാൻ 2:17); 69:21 (മത്തായി 27:34); 110:1 (മത്തായി 22:44; മർക്കൊസ് 12:36; ലൂക്കൊസ് 20:42, 43; പ്രവൃത്തികൾ 2:34, 35); 118:22 (മത്തായി 21:42; മർക്കൊസ് 12:10; ലൂക്കൊസ് 20:17; പ്രവൃത്തികൾ 4:11; എഫെസ്യർ 2:20; 1 പത്രൊസ് 2:7); 118:26 (മത്തായി 21:9; 23:39; മർക്കൊസ് 11:9; ലൂക്കൊസ് 13:35; 19:38; യോഹന്നാൻ 12:13). ഈ സങ്കീർത്തനങ്ങളിൽ മിക്കതും ദാവീദിന്റെ പേരിൽ എഴുതപ്പെട്ടതാണ്; മറ്റൊരു ലേഖകന്റേതുമല്ല.

മുകളിൽ പറഞ്ഞ പുതിയനിയമ വേദഭാഗങ്ങളിൽ, സങ്കീർത്തനങ്ങൾ ഉപയോഗിച്ചിട്ടുള്ളതു വിവിധരീതികളിലാണ്. ചിലയിടത്ത്, പുതിയ നിയമ സൂചനകൾ സങ്കീർത്തനത്തിന്റെ നേരിട്ടുള്ള നിറവേറലായിട്ടാണ് പറഞ്ഞിരിക്കുന്നത്. ചിലയിടത്ത്, പുതിയനിയമത്തിൽ സംഭവിച്ചതിനു സമാനമായി സംഭവിച്ചതു കാണിക്കുവാൻ സങ്കീർത്തനങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ചില സ്ഥലത്ത്, സങ്കീർത്തന ഭാഷ ഉചിതമായതുകൊണ്ട് ഉപയോഗിച്ചിട്ടുണ്ട്.

ദൈവം ദാവീദിനെ എങ്ങനെ ഉപയോഗിച്ചു എന്നു മനസിലാക്കുമ്പോൾ, ഈ മുഖ്യമായ പ്രവർത്തനം നിങ്ങൾ മറക്കരുത്: അവൻ ഒരു *പ്രവാചകൻ* ആയിരുന്നു!